മലയാള മനോരമ 08 March 2023

# മത്സ്യമേഖലയിലെ സ്ത്രീ തിളക്കത്തിന് ആദരം

കൊച്ചി ● അലങ്കാരമത്സ്യ കൃഷി-വിപണന രംഗത്ത് സംരംഭക മികവു തെളിയിച്ച വനിതകളെ വനിതാദിനത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ആദരിക്കുന്നു. ട്രാൻസ് വനിതയായ ആലുവ കടുങ്ങല്ലൂർ സ്വദേശി തൃപ്തി ഷെട്ടി, പെരുമ്പാവൂർ കീഴില്ലം സ്വദേശി ദീപ മനോജ് എന്നിവർക്കാണു പുരസ്കാരം. സിഎംഎഫ്ആർഐയിൽ ഇന്ന് നടക്കുന്ന വനിത ദിനാഘോഷത്തിൽ ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണൻ ഇരുവരെയും ആദരിക്കും. സിഎംഎഫ്ആർഐയുടെ സയൻസ് ടെക്നോളജി ഇന്നവേഷൻ ഹബ് പദ്ധതിയുടെ ഗുണഭോക്താവ് കൂടിയാണ് തൃപ്തി ഷെട്ടി. 'തൃപ്തി അക്വാട്ടിക്സ്' എന്ന സംരംഭം വഴി 50 ശതമാനത്തോളം അധികവരുമാനം കുടുംബത്തിന് ലഭിക്കുന്നുണ്ട്. ട്രാൻസ്ജെൻഡറായ എം.ഹൃതിക്കിനെയാണ് വിവാഹം ചെയ്തത്.അലങ്കാരമത്സ്യ വിപണനത്തിലൂടെ ഉപജീവനമാരംഭിച്ച ദീപ പിന്നീട് അയൽപക്കത്തുള്ള തൊഴിൽരഹിതരെ കണ്ടെത്തി അവരെക്കൂടി അലങ്കാര മത്സ്യകൃഷിയിലേക്ക് കൂട്ടി. 'അറ്റ്ലാന്റ് ഫിഷ് ഫാം' എന്ന സംരംഭം വഴി ധാരാളം പേർക്ക് സ്വയംതൊഴിലിനുള്ള അവസരവും നൽകാനായതാണ് ദീപയുടെ നേട്ടം.



ദീപ മനോജ്.



തൃപ്തി ഷെട്ടി.